എച്ച്4-14476/19

കളക്ടറേറ്റ്, തൃശ്ശൂർ - 680 003
ഫോൺ : (0487) 2433448, 2433474
ഇ – മെയിൽ : tsrcoll.ker@nic.in
തീയതി : 23.03.2020

പ്രേഷകൻ

ജില്ലാ കളക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

1. ലീഡ് ബാങ്ക് മാനേജർ, തൃശൂർ
2. എല്ലാ ജില്ലാതല വകുപ്പ് മേധാവികൾക്കും
3. ജില്ലാ പോലീസ് മേധാവി, തൃശൂർ സിറ്റി/റൂറൽ

സർ,

വിഷയം: കോവിഡ് - 19 - സാമൂഹിക വ്യാപനം തടയുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന: 1. കേരള സർക്കാർ ഹെൽത്ത് & ഫാമിലി വെൽഫയർ (എഫ്) വകുപ്പിന്റെ 21.03.2020-ാം തീയതിയിലെ G.O. (MS) No. 54/2020/H&FWD നമ്പർ ഉത്തരവ്.
2. കേരള സർക്കാർ ഹെൽത്ത് & ഫാമിലി വെൽഫയർ (എഫ്) ഡിപ്പാർട്ട്മെന്റിന്റെ 20.03.2020-ാം തീയതിയിലെ 31/2020/Health നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ.

................

കോവിഡ് - 19 എന്ന മഹാമാരി മനുഷ്യജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിന് ഈ രോഗത്തെ എപ്പിഡമിക് ഡിസീസ് ആക്ട് 1897 പ്രകാരം കർശനമായ സാമൂഹിക നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉത്തരവായിട്ടുള്ളതാണ്. അവശ്യ സർവീസ് വിഭാഗത്തിൽ ഉൾപ്പെടുന്ന സേവനങ്ങൾ നൽകുന്ന എല്ലാ സ്ഥാപനങ്ങളും കർശനമായ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ബാങ്ക്, സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ, റേഷൻ കടകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതുണ്ട്. ഒരേ സമയം അഞ്ചിൽ കൂടുതൽ ഗുണഭോക്താക്കളെ ഇത്തരം സ്ഥാപനത്തിൽ പ്രവേശിക്കുകയോ ഇടപഴകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവി സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവി തൃശൂർ സിറ്റി/റൂറൽ, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ജില്ലാ കളക്ടർ.

പകർപ്പ്: പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, തൃശൂർ (എല്ലാ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്)

// അംഗീകാരത്തോടെ //

ഡെപ്യൂട്ടി കളക്ടർ (ഡി.എം.)

പിആർ/23/03/20